**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 253** **16-09-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിന് അനുമതി ലഭ്യമാക്കുമോ; | (എ) | ആർദ്രം മിഷൻ സ്റ്റാൻഡൈസേഷൻ ഗൈഡ് ലൈൻ പ്രകാരമാണ് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നത്. ആവശ്യമായ ഡോക്ടർ ഉൾപ്പെടെയുള്ള സ്റ്റാഫിനെ നിയമിക്കുന്നതിന് ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. 2025 ഫെബ്രുവരി മാസത്തിൽ 35 അസിസ്റ്റന്റ് സർജൻ തസ്തിക ഉൾപ്പെടെ 570 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിന് സർക്കാർ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. ആയത് പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ രണ്ട് ഡോക്ടർമാരെയും രണ്ട് പാരാ മെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാവുന്നതാണ്. |
| (ബി) | ജനസംഖ്യയും വിസ്തൃതിയും കൂടുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സാമൂഹ്യ-കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സായാഹ്ന ഒ. പി. ഉൾപ്പെടെ നടപ്പാക്കുന്നതിന് ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | ആർദ്രം മിഷൻ സ്റ്റാൻഡൈസേഷൻ ഗൈഡ് ലൈൻ പ്രകാരമാണ് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നത്. ആവശ്യമായ ഡോക്ടർ ഉൾപ്പെടെയുള്ള സ്റ്റാഫിനെ നിയമിക്കുന്നതിന് ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. 2025 ഫെബ്രുവരി മാസത്തിൽ 35 അസിസ്റ്റന്റ് സർജൻ തസ്തിക ഉൾപ്പെടെ 570 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിന് സർക്കാർ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. ആയത് പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറെയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും സാമൂഹികാരോഗ്യ |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളിൽ രണ്ട് ഡോക്ടർമാരെയും രണ്ട് പാരാ മെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാവുന്നതാണ്. |
| (സി) | പുതുക്കാട് താലൂക്ക് ആശുപത്രി, കോടാലി സി. എച്ച്. സി. ഉൾപ്പെടെയുള്ള പുതുക്കാട് മണ്ഡലത്തിൽ നിലവിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മറ്റത്തൂർ സി .എച്ച്.സി (കോടാലി സി. എച്ച്.സി) യിൽ നിലവിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലെ ഒഴിവ് പ്രൊമോഷൻ മുഖേന നികത്തുന്നതാണ്. പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ തൃശ്ശൂർ ജില്ലയിലെ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ